LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്തിവരുന്ന ജലവൈദ്യുത പദ്ധതികൾ

17 [3155] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്ന എത്ര ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതികളുടേയും എസ്റ്റിമേറ്റ് തുക എത്ര; ഈ പദ്ധതികൾ എന്നാണ് ആരംഭിച്ചത്; പൂർത്തിയാക്കേണ്ടത് എന്നായിരുന്നു എന്ന് വിശദമാക്കാമോ;

(സി) പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസം കാരണം എത്ര കോടി രൂപ ഇതുവരെ അധികം ചെലവായി എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസം കണക്കാക്കിയാൽ എത്ര വൈദ്യുതി ഉല്പാദനം ഇതിന്റെ പേരിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 10 എണ്ണം.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി, ഡി) പദ്ധതികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തുകയിൽനിന്ന് എത്ര രൂപ അധികം ചെലവായി എന്നും ഇതുമൂലമുണ്ടായ വൈദ്യുതോല്പാദന നഷ്ടം എത്രയെന്നും കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയുള്ളു.

ടിൻ കല്ലാർ വൈദ്യുതി പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

18 [3157] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ, കല്ലാർ എന്നീ നദികളിലെ വെള്ളം ലക്ഷ്യമിട്ട് ടിൻ കല്ലാർ വൈദ്യുത പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) അച്ചൻകോവിലാറിലെ ചിറ്റൂർമുഴിയിലും വക്കല്ലാറിലും ചെളിക്കല്ലാറിലും വൈദ്യുതി പദ്ധതി സ്ഥാപിച്ച് എത്ര മെഗാവാട്ട് വീതം വൈദ്യുതി ഉല്പാദിപ്പിക്കാനാണ് സർക്കാർ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്;

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

(ഡി) ടിൻ കല്ലാർ പദ്ധിതിയ്ക്കൊപ്പം മിനി വൈദ്യുതി പദ്ധതികൾക്കും സാദ്ധ്യത നിലനിൽക്കേ അച്ചൻകോവിൽ ടിൻ കല്ലാർ പദ്ധതിക്ക് വൈദ്യുതി ബോർഡ് താൽപ്പര്യമെടുക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് തമിഴ്നാട് സർക്കാരിന്റെ വാദഗതിയെ ബലപ്പെടുത്തും എന്നതിനാൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പമ്പ-അച്ചൻകോവിൽ നദികളിലെ ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദനവും, ജലസേചനവും നടത്തുന്നതിനായി (ടിൻ കല്ലാർ മൾട്ടി പർപ്പസ് പ്രോജക്ട്) 1975-ൽ കെ. എസ്. ഇ. ബി. ഒരു ലഘു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. എന്നാൽ പ്രസ്തുത പദ്ധതി കാരണം, ഏകദേശം 1200 ഹെക്ടർ വനഭൂമി വെള്ളത്തിനടിയിൽ ആകുമെന്നതിനാലും പദ്ധതിയിൽനിന്നുള്ള യൂണിറ്റ് ജനറേഷൻ കോസ്റ്റ് അധികമായിരുന്നതിനാലും പദ്ധതിക്ക് വേണ്ട തുടർനടപടികൾ എടുത്തില്ല. പകരം നഷ്ടപ്പെടുന്ന വനഭൂമിയുടെ അളവ് കുറച്ചു കൊണ്ട് താഴെ പറയുന്ന മൂന്ന് പദ്ധതികൾ വിഭാവനം ചെയ്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു:

1. അച്ചൻകോവിൽ — 30 മെഗാവാട്ട്
2. വക്കല്ലാർ — 20 മെഗാവാട്ട്
3. ചെളിക്കല്ലാർ — 15 മെഗാവാട്ട്

(ബി) 60 മെഗാവാട്ട് (276 മില്യൻ യൂണിറ്റ്).

(സി) മൂന്നു പദ്ധതികൾക്കുമായി താഴ പറയുന്ന വിധത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു:

1. അച്ചൻകോവിൽ — 30 മെഗാവാട്ട്
2. വക്കല്ലാർ — 20 മെഗാവാട്ട്
3. ചെളിക്കല്ലാർ — 15 മെഗാവാട്ട്

(ഡി, ഇ) വൻതോതിൽ വനം മുങ്ങുമെന്നതിനാൽ പരിസ്ഥിതി സംബന്ധമായ കേന്ദ്രാനുമതി ലഭിക്കുന്നതിലെ ബുദ്ധിമുട്ട് പരിഗണിച്ച്, ടിൻ കല്ലാർ പദ്ധതിക്ക് പകരമായാണ് കെ. എസ്. ഇ. ബി. മേൽപ്പറഞ്ഞ മൂന്നു പദ്ധതികളും വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കിയാൽ കേരളം വെള്ളം പാഴാക്കുന്നു എന്ന തമിഴ്നാടിന്റെ വാദഗതിയെ അപ്പാടെ ബലഹീനപ്പെടുത്തുകയും കൂടാതെ തമിഴ്നാടിന്റെ വെള്ളം തിരിച്ചു വിടാനുള്ള പദ്ധതി സാങ്കേതികമായി തടയുവാനും കഴിയും.

മേൽപ്പറഞ്ഞ മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നതു കൂടാതെ, ഇതിന്റെ പരിസ്ഥിതി ആഘാത പഠനം നടത്തുവാനും വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly